# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5130 — 15/11/2019-ൽ മറുപടിയ്ക്ക്

## ലൈഫ് ഭവന പദ്ധതി പ്രകാരം ഭവനരഹിതർക്കായി തിരുവമ്പാടി മണ്ഡലത്തിൽ ഫ്ലാറ്റുകൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ.ജോർജ് എം. തോമസ്** | | **ശ്രീ.എ.സി.മൊയ്തീൻ**<br>(തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി) |
| എ) ലൈഫ് ഭവന പദ്ധതി പ്രകാരം ഭവനരഹിതർക്കായി തിരുവമ്പാടി മണ്ഡലത്തിൽ എവിടെയൊക്കെയാണ് ഫ്ലാറ്റുകൾ നിർമ്മിക്കുന്നതെന്നും പദ്ധതിയുടെ നിലവിലുള്ള അവസ്ഥ എന്താണെന്നും വ്യക്തമാക്കാമോ; | എ) | മുക്കം മുനിസിപ്പാലിറ്റിയിൽ തഴേക്കോട് വില്ലേജ്, നീലേശ്വരം വില്ലേജ്, പുതുപ്പാടി ഗ്രാമപഞ്ചായത്തിൽ എങ്ങപ്പുഴ വില്ലേജ്, പുതുപ്പാടി വില്ലേജിൽ വള്ളിയാട് എന്നിവിടങ്ങളിലാണ് ഫ്ലാറ്റുകൾ നിർമ്മിക്കുവാൻ സ്ഥലം കണ്ടെത്തിയിട്ടുള്ളത്. നിർമ്മാണത്തിനുള്ള നടപടികൾ പ്രാരംഭഘട്ടത്തിലാണ്. |
| ബി) ഇവയുടെ നിർമ്മാണ ചുമതല നൽകിയിട്ടുള്ളതാർക്കാണ് എന്ന് വ്യക്തമാക്കാമോ; | ബി) | പുതുപ്പാടി വില്ലേജിൽ വള്ളിയാട് സ്ഥലത്തെ നിർമ്മാണം കെയർ ഹോം മുഖേനയാണ് നടപ്പിലാക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളത്. മറ്റ് സ്ഥലങ്ങളിലെ നിർമ്മാണത്തിനുള്ള ടെണ്ടർ നടപടികൾ പ്രാരംഭഘട്ടത്തിലാണ്. |
| സി) ഫ്ലാറ്റ് നിർമ്മാണം എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ; | സി) | 2020 ഡിസംബറോടുകൂടി നിർമ്മാണം പൂർത്തിയാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. |
| ഡി) ഭവന അപേക്ഷകരുടെ തെരഞ്ഞെടുപ്പ് എങ്ങനെയാണെന്നും ഇതിന്റെ മാനദണ്ഡവും വിശദമാക്കാമോ? | ഡി) | ലൈഫ് മിഷൻ 2017-ൽ കുടുംബശ്രീ മുഖേന നടത്തിയ സർവ്വേയിലൂടെ താഴെപ്പറയുന്ന അർഹതാ മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കിയാണ് ഗുണഭോക്താക്കളെ കണ്ടെത്തിയത്.<br>1. സ്വന്തമായി/കുടുംബാംഗങ്ങളുടെ പേരിൽ വസ്തു ഇല്ലാത്തവർ/ പരമ്പരാഗതമായി ഭൂമി കൈമാറി കിട്ടാൻ സാധ്യത ഇല്ലാത്തവർ<br>2. റേഷൻ കാർഡ് ഉള്ള കുടുംബം (ഒരു റേഷൻ കാർഡിന് ഒരു ഭവനം) |

3. കുടുംബ വരുമാനം 3 ലക്ഷത്തിൽ താഴെ ഉള്ളവർ

4. സർക്കാർ അർദ്ധ സർക്കാർ പൊതു മേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർ പെൻഷൻ വാങ്ങുന്നവർ ഉള്ള കുടുംബം ആകാൻ പാടില്ല.

5. സ്വകാര്യ ആവശ്യത്തിന് നാല് ചക്ര വാഹനം ഉണ്ടാകാൻ പാടില്ല.

6. അവകാശികൾക്ക് വസ്തുഭാഗം ചെയ്ത സാഹചര്യത്തിൽ സ്വന്തം പേരിൽ സ്വന്ത[illegible]കമായി ഭൂമിയില്ല എന്ന കാരണത്താൽ ഭൂരഹിതരായവർ അർഹരല്ല.

എന്നാൽ ഭവന രഹിതർ / ഭൂരഹിത ഭവന രഹിതർ എന്നിവർക്ക് വീട് നിർമ്മിച്ച് നൽകുന്ന ലൈഫ് മിഷൻ പദ്ധതിയിൽ മത്സ്യ തൊഴിലാളികൾ, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗ ക്കാർ, എന്നിവർക്ക് നിലവിലുള്ള ഒരു റേഷൻ കാർഡിൽ ഉൾപ്പെട്ട കുടുംബത്തിന് ഒരു വീട്, ഗുണഭോക്താക്കൾക്ക് 25 സെന്റിൽ കൂടുതൽ ഭൂമിയുണ്ടാകരുത് എന്നീ ലൈഫ് മാനദണ്ഡങ്ങളിൽ ഇളവ് അനുവദിച്ച് 06.06.2019-ലെ സ.ഉ (സാധാ) നം. 1946/2019/ത.സ്വ.ഭ.വ പ്രകാരവും സ.ഉ (സാധാ)നം.1897/2019/ തസ്വഭവ തീയതി. 02.09.2019 പ്രകാരവും അനുമതി നൽകി ഉത്തരവായിട്ടുണ്ട്.

സെക്ഷൻ ഓഫീസർ